മായി വിജിലൻസ് വിംഗിലെ കോട്ടയം കൺസർവേറ്റർ (ഐ. ആന്റ്. ഇ) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

54 (1786) മാവൂർ റയോൺസിന് നൽകുന്ന അസംസ്കൃത വസ്തുക്കൾ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ റയോൺസ് ഫാക്ടറിക്ക് അസംസ്കൃത പദാർത്ഥങ്ങളായ മരം, മുള എന്നിവ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും കരാർ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കരാർ പ്രകാരം പ്രതിവർഷം നൽകേണ്ട അസംസ്കൃത വസ്തുക്കളുടെ അളവ് വ്യക്തമാക്കുമോ;

(സി) 1990 മുതൽ 1998 ഡിസംബർവരെ ഓരോ വർഷവും കമ്പനിക്ക് നൽകിയ അസംസ്കൃത വസ്തുക്കളുടെ കണക്ക് വ്യക്തമാക്കുമോ;

(ഡി) മാവൂർ റയോൺസിനും ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനും നൽകുന്ന മരം, മുള എന്നിവയുടെ നിരക്കിൽ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസംസ്കൃത വസ്തുക്കളുടെ ലഭ്യത അനുസരിച്ച് 1,10,000 മെ. ടൺ യൂക്കാലിപ്റ്റസ്, അക്കേഷ്യാ എന്നിവയും 40,000 മെ.ടൺ മുളയും പ്രതിവർഷം കമ്പനിക്ക് നൽകേണ്ടതുണ്ട്.

(സി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) മാവൂർ റയോൺസിനും ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനും നൽകുന്ന മരത്തിന് വില വ്യത്യാസമില്ല. എന്നാൽ മുളയ്ക്ക് വില വ്യത്യാസമുണ്ട്. മെസ്സേഴ്സ് ഗ്രാസിം ഇൻഡസ്ട്രീസിന് മുള എല്ലാ നികുതികളും ഉൾപ്പെടെ മെ.ടണ്ണിന് 426 രൂപ നിരക്കിലും ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന് എല്ലാ നികുതികളും ഉൾപ്പെടെ മെ. ടണ്ണിന് 775 രൂപ നിരക്കിലുമാണ് നൽകുന്നത്.

55 (1787) നടുവത്തുമൂഴി ഫോറസ്റ്റ് ബംഗ്ലാവ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിലെ നടുവത്തുമൂഴി ഫോറസ്റ്റ് ബംഗ്ലാവ് അറ്റകുറ്റപ്പണികൾ നടത്താത്തത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണെന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly